
മെയ്
2024

# GREGORIAN
## PARISH BULLETIN



## മരുഭൂമിയിലെ പരുമല

**ST. GREGORIOS ORTHODOX CHURCH SHARJAH**



ESTD : 1979 Vol 05/2024

MAY 2024 / Pages 8

# ദൈവസ്നേഹം
## പ്രതിഫലിപ്പിക്കുന്നവരാവുക

പരി. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ

ദൈവസ്നേഹത്തിൽ അനസ്യൂതം വളരുക എന്നതാണ് അധ്യാത്മിക പുരോഗതിയുടെ ഒരു ലക്ഷണം. എന്നാൽ വ്യത്യസ്ത കാരണങ്ങളാൽ ഈ പുരോഗമന പാതയിൽ നിന്നും മനുഷ്യർ വീണു പോകാറുണ്ട്. അതിൽ വൈയക്തികവും സാമൂഹികവുമായ പശ്ചാത്തലങ്ങൾ ഉണ്ടാവും. യേശുതമ്പുരാനെ പിൻപറ്റുമ്പോൾ ശിഷ്യൻമാർ ഉപേക്ഷിച്ചവയിൽ പെട്ടതാണ് പടകും വലയുമൊക്കെ. എന്നാൽ "ഞാൻ മീൻ പിടിക്കുവാൻ പോകുന്നു" എന്ന് പറഞ്ഞ് തിരികെ പോകുമ്പോൾ അവർ വീണ്ടും അത് ഉപയോഗിക്കുന്നു. യേശുക്രിസ്തുവിനോടുള്ള ബന്ധത്തിൽ നിന്ന് വ്യതിചലിച്ച് പഴയ വഴികളിലേക്ക് പുറപ്പെടുന്ന ഓരോരുത്തരുടെയും മുമ്പിൽ തങ്ങൾ വിട്ടുപോന്ന വഴികൾ സാത്താൻ നിരത്തി വയ്ക്കും എന്നത് പരമാർത്ഥമാണ്.

ദൈവകൃപയിൽ നിരുപാധികം ആശ്രയിക്കാതെ ഒരാൾക്കും ദൈവസ്നേഹത്തിൽ വളരാനാവില്ല. സകലവും ഉപേക്ഷിച്ച് യേശുക്രിസ്തുവിനെ അനുഗമിക്കുന്നത് കൊണ്ട് മാത്രമായില്ല; നമ്മിൽ തന്നെ യാതൊരു പ്രബലതയും ഇല്ലെന്നും ദൈവകൃപയ്ക്ക് നാം കടക്കാർ ആണെന്നും നാം ഗ്രഹിക്കണം. ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണ ആത്മാവോടും പൂർണ്ണമനസ്സോടും കൂടെ സ്നേഹിക്കണമെന്ന പുതിയനിയമ കൽപ്പന ജീവിതത്തിന്റെ ആധാരമാകണം.

അപമാനവീകരണത്തിന്റെ തുടരനുഭവങ്ങൾ വർദ്ധിക്കുമ്പോൾ അടിസ്ഥാന കാരണമായി നാം കണ്ടെത്തുന്നത് സ്നേഹരാഹിത്യമാണ്. ജാതീയമായും വംശീയമായും വിഭാഗീയതയുടെ അപശബ്ദങ്ങൾ നിറയുന്നു. 'ദൈവസ്നേഹത്തിലേക്കുള്ള വളർച്ച' എന്ന ആത്മീയ പാഠം പ്രസക്തമാകുന്നത് ഈ പശ്ചാത്തലത്തിലാണ്. നടന്ന വഴികൾ മറന്നുപോയ ശീമോൻ പത്രോസിനോട് യേശുതമ്പുരാൻ ചോദിച്ച ചോദ്യമാണ് ഏത് കാലത്തും സംഗതമാകുന്നത്

"നീയെന്നെ സ്നേഹിക്കുന്നുവോ?"
ഈ ചോദ്യം നമ്മുടെ കാതുകളിൽ പ്രതിധ്വനിക്കട്ടെ

എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ..



**ഗ്രീഗോറിയൻ**

**മെയ് 2024**

**മേടം – ഇടവം 1199**

ഷാർജ സെന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവകയുടെ
ഔദ്യോഗിക മുഖപത്രം

**ഗ്രീഗോറിയൻ**

(1979 ൽ പ്രസിദ്ധീകരണം ആരംഭിച്ചത്)
ലക്കം : 05/2024



**വെരി.റവ.ഫിലിപ്പ്.എം.സാമുവൽ**
കോർ എപ്പിസ്കോപ്പ
(വികാരി)

**ഫാ. ജിജോ തോമസ് പുതുപ്പള്ളി**
(സഹ. വികാരി)

**ശ്രീ. തോമസ് തരകൻ എം.ഒ.**
(ഇടവക ട്രസ്റ്റി)

**ശ്രീ. ബിനു മാത്യു**
(ഇടവക സെക്രട്ടറി)

**ശ്രീ. ജോബിൻ വർഗ്ഗീസ്**
(മാനേജിംഗ് കമ്മറ്റി പ്രതിനിധി)

**ശ്രീ. ജോജി റ്റി. മാത്യു**
(ഇടവക പ്രതിനിധി)




പ്രസാധകർ
**ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ്
ഓർത്തഡോക്സ് ഇടവക**
(ഇടവക അംഗങ്ങൾക്ക് മാത്രം)



ഗ്രീഗോറിയനിലേക്കുള്ള
അഭിപ്രായങ്ങളും നിർദ്ദേശങ്ങളും
അയയ്ക്കേണ്ട വിലാസം
e-mail: gregorianshj@gmail.com


# “COME HOLY SPIRIT, RENEW US”



Philip M. Samuel
Cor Episcopos, Vicar

Dearly Beloved in Christ,
Blessings and Greetings to you all.

We celebrate the feast of Ascension of our Lord on 9th May and the feast of Pentecost on 19th May. Our Lord Jesus Christ ascended to heaven on the 40th day after his resurrection is our belief and which we confess in our creed. The event is narrated in the book of Acts of the Apostles (Chapter 1: 9-12). The Ascension marks the culmination of Jesus Christ's earthly ministry and His return to the heavenly realm, where He sits at the right hand of God the Father. The Angels appeared during the ascension promised that Jesus who have ascended to heaven would come again in His glory, which also remains as our faith.

The event of Ascension signifies the completion of Christ's mission on the earth, His triumph over death and sin, and His ultimate reign as the exalted King. It reflects on the nature of Christ's divinity and his eternal role as savior of humanity. It reminds us that the power of faith and the transformative impact of Christ's teachings on our lives. It also ascertain that our origin is from God the heavenly Father and we are united with the divine entity.Deification or glorification is the gift of God for us hence we are created in His own image and likeness. Spreading the fragrance of divinity through the personal attachment with the living God is the duty to fulfil in our divine call. It also reminds us that, just as Jesus triumphed over death and ascended in to glory, we too can overcome the challenges we face and rise to new heights of spiritual growth and fulfilment. May we be empowered by the promise of His presence with us always and inspired to share the good news of His salvation with all whom we encounter.

As we approach the feast of Pentecost, we must prepare ourselves to rejuvenate the power of the Holy Spirit within us and enable us to experience the guidance and guard ship of the Holy Spirit in our life. The feast of Pentecost reminds us the truth that the Holy Spirit is not merely a distant concept but a living presence within the life of the Church and within each of us as individually. It is the Spirit that animates our faith, guides our steps, strengthen us in trials. Just as the Apostles were transformed by the outpouring of the Holy Spirit, let us open our hearts and submit it to the transformative power of the Holy Spirit. Let us seek His guidance in our lives and renew our commitment to live as Disciples of Christ, bearing witness to His truth and love in all that we do. It is the Holy Spirit that hallows and consecrate us to the service of God and equip our faculties to act in the right path. St. Paul teaches us that “Don't you know that your body is the temple of the Holy Spirit, who lives in you, whom you have given from God. You are not belong to yourselves, but to God, You were brought at a price by Him, therefore glorify God in your body, mind and spirit”. (I Corinth. 6: 19-20).

The fruit of the Holy Spirit described in Galatians 5:22-23, where St. Paul writes, “But the fruit of the Spirit is love, joy, peace, forbearance, kindness, goodness, faithfulness, gentleness and self-control”. These virtues are not mere abstract ideals but tangible manifestations of God's presence in us. These fruits are cultivated through a life surrendered to the Holy Spirit, nurtured through prayer, study and a commitment to living out with Christ's teachings.

May the celebration of the feast of Ascension of our Lord and the feast of Pentecost be a blissful occasion for each one of us to renew our faith and commitment and fill up with courage and conviction to fulfil the will of God in this earthly journey of life.

May God bless us all.

# വിശ്വാസധീരനായ വിശുദ്ധൻ



ഈ ദിവസങ്ങളിൽ ലോകമെങ്ങും വി. ഗിവർഗ്ഗീസ് സഹദായുടെ പെരുന്നാൾ ഭക്ത്യാദരവുകളോടെ കൊണ്ടാടുകയാണല്ലോ. നമ്മുടെ ഇടവകയിലും പൂർവ്വാധികം ഭംഗിയായി നാം ഈ പെരുന്നാൾ നടത്തുന്നു. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്തവനായ പുണ്യാളച്ചന്റെ ഓർമ്മയിൽ നാം സംബന്ധിക്കുകയും മദ്ധ്യസ്ഥത തേടുകയും ചെയ്യുമ്പോൾ ആ ജീവിതത്തെകൂടി അനുസ്മരിച്ച് പ്രചോദനം ഉൾക്കൊള്ളുവാൻ നമുക്ക് ഇടയാകട്ടെ.

വിശുദ്ധ ഗിവർഗ്ഗീസ് സഹദാ എന്നു കേൾക്കുന്ന മാത്രയിൽ നമ്മുടെ മനസ്സിൽ തെളിയുന്ന ഒരു ചിത്രമുണ്ട്: റോമൻ പടച്ചട്ട ധരിച്ച അശ്വാരൂഢനായ ഒരു യോദ്ധാവ്; കൈയ്യിലുള്ള നീണ്ടു കൂർത്ത കുന്തം, രൗദ്രതയോടെ വായ് പിളർന്നു നിൽക്കുന്ന ഒരു വ്യാളിയുടെ വായിൽ കുത്തിയിറക്കി അതിനെ വകവരുത്തുന്നു. ഇംഗ്ലണ്ടിന്റെ നാണയമായ പവനിലും (പൗണ്ട്) ഈ ചിത്രം ആലേഖനം ചെയ്തിട്ടുണ്ട്. ഗിവർഗ്ഗീസ് സഹദാ വിഖ്യാതനായിത്തീർന്നിട്ടുള്ളത് സർപ്പഘാതകനായിട്ടാണ്. അതുകൊണ്ട് വിഷബാധയിൽ നിന്നുള്ള സംരക്ഷണത്തിന് അനേകർ അദ്ദേഹത്തിന്റെ മധ്യസ്ഥത തേടുന്നു. പാമ്പിനെ നേരിട്ടോ സ്വപ്നത്തിലോ കണ്ടാൽ ഗീവർഗ്ഗീസ് സഹദായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് നേർച്ച സമർപ്പിക്കുന്നവർ ധാരാളം ഉണ്ട്. പരിശുദ്ധനായ ഗിവർഗ്ഗീസ് സഹദായെ ക്ഷുദ്ര ജീവികളിൽ നിന്നുള്ള സംരക്ഷണത്തിനായി മദ്ധ്യസ്ഥനായി കരുതുന്നവർ അനേകരാണ് . പാമ്പിനെ പിശാചിന്റെ പ്രതീകമായി കാണുന്നതിനാൽ സകല പൈശാചിക ശക്തികളിൽ നിന്നുമുള്ള സംരക്ഷണത്തിനായി പരിശുദ്ധ സഹദായുടെ മദ്ധ്യസ്ഥത തേടുന്നു. എന്റെ അനുഭവത്തിലും വർഷം തോറും വിശുദ്ധന്റെ പെരുന്നാളിൽ സമർപ്പിക്കുന്ന നേർച്ച മുഖാന്തിരം പൈശാചിക ശക്തികളിൽ നിന്നും സംരക്ഷണം ലഭിക്കുന്നു എന്നത് എന്റെ സാക്ഷ്യമാണ്. പുണ്യാളൻ കൂടെ ഉണ്ട് എന്നത് ഏതൊരു പുതുപ്പള്ളിക്കാരന്റെയും ഉറച്ച വിശ്വാസമാണ്. ആ വിശ്വാസമാണ് എപ്പോഴും ശക്തിയും ധൈര്യവും പകരുന്നത്.

വിശുദ്ധനെക്കുറിച്ചുള്ള ചരിത്രം ആധികാരികമായും വ്യക്തമായും നമുക്കു ലഭ്യമല്ല. പാരമ്പര്യങ്ങളിലും, ഐതീഹ്യങ്ങളിലും ഉറഞ്ഞു കിടക്കുന്നവയാണ് പലതും. സമകാലീന കൃതികളൊന്നും ലഭ്യമല്ല. പിൽക്കാലത്തു ജീവിച്ചിരുന്ന സഭാപിതാക്കന്മാരുടെ കൃതികളിൽ ഇദ്ദേഹത്തെക്കുറിച്ചുള്ള പരാമർശങ്ങൾ പ്രത്യക്ഷപ്പെടുന്നു എങ്കിലും അവ ഏക രൂപത്തിലുള്ളവയല്ല. എന്നാൽ ഒരു കാര്യം എടുത്തു പറയേണ്ടിയിരിക്കുന്നു. പൗരസ്ത്യ പാശ്ചാത്യ സഭാപാരമ്പര്യങ്ങളിൽ എല്ലാം ഇദ്ദേഹം സ്ഥാനം പിടിക്കുന്നു. മാത്രമല്ല, ഇദ്ദേഹത്തിന്റെ ഓർമ്മപ്പെരുനാൾ കിഴക്കും പടിഞ്ഞാറുമുള്ള എല്ലാ കത്തോലിക്കസഭകളും ആചരിക്കുകയും ചെയ്യുന്നു. ഗ്രീക്ക് ഓർത്തഡോക്സ് സഭ അദ്ദേഹത്തെ 'വലിയ സഹദാ' എന്നു വിശേഷിപ്പിക്കുന്നു. കുസ്തന്തീനോപ്പോലീസിൽ ഒരു കാലത്ത് അഞ്ചോ, ആറോ ദൈവാലയങ്ങൾ ഇദ്ദേഹത്തിന്റെ നാമത്തിൽ ഉണ്ടായിരുന്നതായി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അവയിൽ ഏറ്റവും പഴക്കമുള്ള ദൈവാലയം കുസ്തന്തീനോസ് ചക്രവർത്തി തന്നെ നിർമ്മിച്ചതായി പറയപ്പെടുന്നു.

ആറാം നൂറ്റാണ്ടിൽ ജസ്റ്റിനിയൻ ചക്രവർത്തി അർമ്മേനിയായിലെ ബിസുനെസ് എന്ന സ്ഥലത്ത് ഇദ്ദേഹത്തിന്റെ നാമത്തിൽ ഒരു ദൈവാലയം നിർമ്മിക്കുകയുണ്ടായി. പാശ്ചാത്യരാജ്യങ്ങളിൽ കുരിശുയുദ്ധങ്ങൾക്കു ശേഷം പതിനൊന്നാം നൂറ്റാണ്ട് മുതൽ വിശുദ്ധ ഗീവർഗ്ഗീസിനോടുള്ള ആദരവും അദ്ദേഹത്തിന്റെ മധ്യസ്ഥതയിലുള്ള വിശ്വാസവും വളരെയേറെ വർദ്ധിക്കുവാനിടയായി. പടയാളിയായ ഈ പരിശുദ്ധന്റെ മദ്ധ്യസ്ഥത മൂലമാണ് യുദ്ധങ്ങളിൽ വിജയം വരിക്കാൻ കാരണമായത് എന്നുള്ള വിശ്വാസം സൈനികരിൽ വേരുറച്ചു. അങ്ങനെ അദ്ദേഹം സൈനികരുടെ പ്രത്യേക മദ്ധ്യസ്ഥനായിത്തീരുകയും ചെയ്തു. റിപ്പബ്ലിക്ക് ഓഫ് ജനോവയുടെയും, ഇംഗ്ലണ്ടിന്റെയും, സ്പെയിന്റെയും കാവൽപിതാവാണ് വി. ഗിവർഗ്ഗീസ് സഹദാ. ഫ്രാൻസിലും, ഇംഗ്ലണ്ടിലും ചില സൈന്യവ്യൂഹം അദ്ദേഹത്തിന്റെ നാമം ധരിക്കുന്നവയാണ്.

കേരളത്തിൽ പുരാതനമായ ദൈവാലയങ്ങളും സഹദായുടെ നാമത്തിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണ്. അവയിൽ പ്രമുഖമാണ് പുതുപ്പള്ളി പള്ളിയും, ചന്ദനപ്പള്ളി പള്ളിയും, എടത്വ പള്ളിയും, ഇടപ്പള്ളി പള്ളിയും ഒക്കെ പോർച്ചുഗീസുകാരുടെ ആഗമനത്തിനും മുമ്പു തന്നെ വിശുദ്ധ സഹദാ ഇവിടെ സമാദരിക്കപ്പെട്ടിരുന്നു. പിന്നീടുണ്ടായ ലത്തീൻ സ്വാധീനം, ഗീവർഗ്ഗീസ് സഹദായുടെ പ്രാധാന്യം വർദ്ധിക്കുവാൻ പ്രേരകമാവുകയും ചെയ്തു. ഇന്ന്, ജാതിമത ഭേദമെന്യേ, സർവ്വരാലും സഹദാ ആദരിക്കപ്പെടുന്നു. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത തേടി ഓരോ ദിവസവും അനേകം തീർത്ഥാടകരാണ് എത്തിച്ചേരുന്നത്.

## ജീവചരിത്രം

കപ്പദോക്യയിലെ ഒരു പ്രഭു കുടുംബത്തിൽ ക്രിസ്തീയ മാതാപിതാക്കളിൽ നിന്ന് ക്രിസ്തുവർഷം 283 ൽ ഗിവർഗ്ഗീസ് ഭൂജാതനായി എന്നാണ് വിശ്വസനീയമായ പാരമ്പര്യം. അതല്ല, പാലസ്തീനിൽ ലിദ്ദ, അഥവാ ഡിയോസ്പോലീസ് എന്ന സ്ഥലത്താണ് ജനിച്ചതെന്നും വ്യത്യസ്ത ഭാഷ്യമുണ്ട്. പിതാവ് ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ സൈന്യത്തിൽ സേവനമനുഷ്ഠിച്ചു. പിതാവിന്റെ മരണശേഷം മാതാവിനോടൊന്നിച്ചു പാലസ്തീനിലേക്കു താമസം മാറ്റി. കാരണം മാതാവ് വിശുദ്ധനാട്ടിൽ നിന്നുള്ളവളായിരുന്നു. മാതാവിന്റെ സ്വത്തിന് ഗീവർഗ്ഗീസ് അവകാശിയാവുകയും ചെയതു.

അരോഗ്യദൃഢഗാത്രനായ ഈ യുവാവ് ചെറുപ്പത്തിൽ തന്നെ സൈനികസേവനത്തിനായി സ്വയം അർപ്പിച്ചു. കർമ്മനൈപുണ്യം കൊണ്ടും വിശിഷ്ടസേവനം കൊണ്ടും, സ്വഭാവത്തിൽ തെളിഞ്ഞുനിന്ന ശ്രേഷ്ഠത കൊണ്ടും സൈന്യത്തിൽ പടിപടിയായി ഉയർച്ച നേടി. ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ കീഴിൽ ഈ യുവസൈനികമേധാവി ഉന്നതമായ ഉത്തരവാദിത്വങ്ങളും വഹിച്ചു. വിദേശരാജ്യങ്ങളിൽ പലയിടത്തും നയതന്ത്രബന്ധങ്ങൾ നടത്താൻ നിയുക്തനായി. സന്ദർശനങ്ങളും ദൗത്യനിർവഹണങ്ങളും ക്രിസ്തീയ സാക്ഷ്യം വഹിക്കുവാൻ അദ്ദേഹം ഉപയോഗപ്പെടുത്തി. ഊർമിയായിൽ (ഇന്നത്തെ ഇറാൻ) എത്തിയപ്പോൾ അവിടുത്തെ സഭയെ സംഘടിപ്പിക്കാൻ അദ്ദേഹം യത്നിച്ചു. ഇംഗ്ലണ്ടും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. അവിടെ വച്ചാണ് ഡയോക്ലീഷ്യൻ ചക്രവർത്തി പ്രസിദ്ധീകരിച്ച ക്രിസ്തീയ വിരുദ്ധ വിളംബരം' ഗീവർഗ്ഗീസിന്റെ ശ്രദ്ധയിൽപ്പെടുന്നത്. അപ്പോൾ അദ്ദേഹത്തിന്റെ വിശ്വാസതീക്ഷ്ണത കത്തിജ്വലിച്ചു. അദ്ദേഹം മടങ്ങിപ്പോയി. യാതൊരു സങ്കോചവും കൂടാതെ തന്റെ ക്രിസ്തീയ വിശ്വാസബോധത്തെക്കുറിച്ച് ചക്രവർത്തിയെ അറിയിച്ചു. അതുമാത്രമല്ല രാജകീയ വിളംബരത്തിന്റെ കോപ്പിവലിച്ചു കീറി തന്റെ പ്രതിഷേധം പ്രകടമാക്കുകയും ചെയ്തു. തന്റെ സൈനികസ്ഥാനമാനങ്ങൾ എല്ലാം വലിച്ചെറിഞ്ഞു. ചക്രവർത്തിയുടെ നയത്തിനും നിയമത്തിനുമെതിരായി സംസാരിച്ചു.

നാലാം നൂറ്റാണ്ടിൽ ജീവിച്ച കൈസര്യയിലെ യൗസേബിയോസ് തന്റെ ചരിത്രകൃതിയിൽ നടത്തുന്ന പരാമർശം ശ്രദ്ധേയമാണ്. ഒരു സൈനിക ഉദ്യോഗസ്ഥൻ ചക്രവർത്തിയുടെ പീഢനത്തിനെതിരായി സംസാരിക്കുകയും രക്തസാക്ഷി മരണം വരിക്കുകയും ചെയ്തു എന്നു പരാമർശിക്കുന്നു. പേരു വെളിപ്പെടുത്താത്ത ഈ സൈനികൻ ഗീവർഗ്ഗീസായിരുന്നു എന്നാണ് പണ്ഡിത മതം. സ്വന്തം സ്ഥാനമാനങ്ങളേക്കാൾ വലുതായി ക്രിസ്തീയ വിശ്വാസത്തെ പരിഗണിച്ച പരിശുദ്ധനാണ് ഗീവർഗ്ഗീസ് എന്നു തെളിയുന്നു. ക്രിസ്തീയസാക്ഷ്യം വഹിക്കുന്നതിനുവേണ്ടി പദവികളും ലൗകികനേട്ടങ്ങളും അദ്ദേഹം പരിത്യജിച്ചു. കഷ്ടതയുടെയും സഹനത്തിന്റെയും പാത അദ്ദേഹം തിരഞ്ഞെടുത്തു. അദ്ദേഹത്തിന്റെ ധീരോദാത്തതയും, ക്രിസ്തീയ വിശ്വാസത്തോടുള്ള പ്രതിബദ്ധതയുമാണ് ശ്രദ്ധിക്കപ്പെടേണ്ടത്. ക്രുദ്ധനായ ചക്രവർത്തി

ഗീവർഗ്ഗീസിനെതിരെ തിരിഞ്ഞു; അദ്ദേഹത്തെ ബന്ധനസ്ഥനാക്കി. പീഢനമുറകൾ ഒന്നൊന്നായി അഴിച്ചു വിട്ടു. പക്ഷേ, ഗീവർഗ്ഗീസ് അചഞ്ചലനായി, പാറ പോലെ ഉറച്ചു നിന്നു. അദ്ദേഹത്തിന്റെ രക്തസാക്ഷി മരണത്തെക്കുറിച്ച് വ്യത്യസ്തപാരമ്പര്യങ്ങൾ സഭയിലുണ്ട്. ഒരു ചക്രത്തിനുമേൽ മൂർച്ചയുള്ള അനേകം കത്തികൾ ഘടിപ്പിച്ച് ഗീവർഗ്ഗീസിനെ അതിൽ ബന്ധിച്ചശേഷം, ചക്രം ശക്തിയായി കറക്കി. 'എന്റെ ദൈവം വലിയവൻ' എന്നു സാക്ഷിച്ചു കൊണ്ട് നിരപായം അദ്ദേഹം ചക്രത്തിൽ നിന്നും എഴുന്നേറ്റു വന്നു. പിന്നീട് അദ്ദേഹത്തെ അഗ്നികുണ്ഡത്തിലെറിഞ്ഞു. അവിടെനിന്നും വങ്ങൽ പോലും ഏശാതെ പ്രസന്നവദനനായി പുറത്തുവന്നു. ഒടുവിൽ അദ്ദേഹത്തെ വാൾ കൊണ്ട് വെട്ടിക്കൊല്ലുകയായിരുന്നു. ക്രിസ്തുവർഷം 303 ഏപ്രിൽ 23-ന് ആയിരുന്നു അതെന്നും ചരിത്രം സൂചിപ്പിക്കുന്നു. അന്ത്യനിമിഷത്തിൽ അദ്ദേഹം മുട്ടുകുത്തി ഉയരങ്ങളിലേക്കു മിഴികളുയർത്തി പ്രാർഥിച്ചു: "എന്റെ മധ്യസ്ഥതയിൽ ശരണപ്പെടുന്നവർക്ക് രക്ഷകനായ യേശുവേ, അങ്ങ് എക്കാലവും അവർക്ക് ആശ്വാസദായകനായിരിക്കേണമേ"

അദ്ദേഹം സൈനികനായി പ്രവർത്തിച്ചിരുന്ന കാലത്ത് സംഭവിച്ചതായി പറയപ്പെടുന്ന കഥയാണ് സർപ്പത്തെ നിഗ്രഹിച്ചത്. ഒരു നാടുവാഴിയുടെ പുത്രിയെ കൊല്ലുവാൻ ഒരു സർപ്പം ഒരുമ്പെട്ടതായി അദ്ദേഹം കാണുവാൻ സംഗതി വന്നു. തൽക്ഷണം കുതിരപ്പുറത്തിരുന്നുകൊണ്ട് തന്റെ കയ്യിലിരുന്ന കൂർത്ത കുന്തം സർപ്പത്തിന്റെ പിളർന്ന വായിൽ കുത്തിയിറക്കി അതിനെ വകവരുത്തി. അങ്ങനെ രാജകുമാരിയെ മൃത്യുവക്ത്രത്തിൽനിന്ന് അദ്ദേഹം രക്ഷപ്പെടുത്തി. പിൽക്കാലത്ത് ഉയർന്നുവന്ന പാരമ്പര്യങ്ങളിലാണ് ഈ കഥ ഉൾക്കൊള്ളുന്നത്.
ഈ ദൃശ്യകഥകൾ പല പുരാണപുരുഷന്മാരെക്കുറിച്ചും പറയാറുള്ളതാണ്. പ്രതീകാത്മകമായി ആ സംഭവത്തിനെ നമുക്കു വിലയിരുത്താം. തിന്മയുടെ പ്രതീകമാണ് ഉഗ്രസർപ്പം. വെളിപാടു പുസ്തകത്തിൽ അപ്രകാരമുള്ള ഉഗ്രസർപ്പത്തെപ്പറ്റി പരാമർശമുണ്ട്. തിന്മയെ പരാജയപ്പെടുത്താനുള്ള ധർമ്മമാണ് ഓരോ ക്രിസ്തീയ വിശ്വാസിക്കുമുള്ളത്. ഈ സത്യം വാചാലമാക്കുന്നതാണ് സർപ്പത്തെ കുറിച്ചുള്ള പാരമ്പര്യം. വിശ്വാസത്തിന്റെയും സഹനത്തിന്റെയും ശക്തമായ ആയുധത്താൽ നാം തിന്മയെ പരാജയപ്പെടുത്തണം.

ഒരു പട്ടാള ഉദ്യോഗസ്ഥനായതുകൊണ്ട് ക്രിസ്തീയജീവിതവും ക്രിസ്തീയ സാക്ഷ്യവും അസാധ്യമെന്ന് ആരെങ്കിലും ധരിക്കുന്നുണ്ടെങ്കിൽ അതു തിരുത്തിക്കുറിക്കുന്നതാണ് ഗീവർഗ്ഗീസ് സഹദായുടെ ചരിത്രം. ഓരോ വിശ്വാസിയും അവന്റെ ഹൃദയത്തിൽ ഒരു രക്തസാക്ഷി ആയിരിക്കണം. വിശ്വാസത്തിനു വേണ്ടി സകലതും പരിത്യജിക്കാനുള്ള സന്നദ്ധതയാണ് ഒരാൾക്ക് വേണ്ടത്. ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും വേണ്ടി പീഢകളും കഷ്ടതകളും സഹിക്കുന്നത് ഭാഗ്യമെന്നോർക്കണം.

സഭയിൽ സഹദേൻമാരായും പരിശുദ്ധൻമാരായും പരിഗണിക്കപ്പെടുന്നവരും ആദരിക്കപ്പെടുന്നവരും വൈദികരോ സന്യാസി സമൂഹത്തിൽപെട്ടവരോ ആണ്. എന്നാൽ വൈദികശ്രേണിയിൽ എങ്ങും എത്തിച്ചേരാതെ ഒരു അൽമായക്കാരൻ അതും ഒരു പട്ടാളമേധാവി, പരിശുദ്ധനായും സഹദാ ആയും അംഗീകരിക്കപ്പെടുന്നത് അപൂർവ്വമാണ്. ജീവിതത്തിന്റെ ഏതു തുറയിൽ പ്രവർത്തിച്ചാലും ക്രിസ്തീയ മൂല്യങ്ങളെ മുറുകെപ്പിടിക്കാനും, ക്രിസ്തീയ സാക്ഷ്യം ധീരതയോടെ വഹിക്കാനും കഴിയുമെന്ന് വി. ഗിവർഗ്ഗീസ് സഹദാ തെളിയിച്ചു. ചക്രവർത്തിയുടെ മുമ്പിലെത്തി, തന്റെ ക്രിസ്തീയ വിശ്വാസവും, അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ സന്നദ്ധനുമാണെന്ന് തെളിയിക്കുകയും ചെയ്തു. വിശുദ്ധ സഹദായുടെ ജീവിതം രണ്ടു കാര്യങ്ങളാണ് നമ്മോട് ആവശ്യപ്പെടുന്നത്. ഒന്ന്, തിന്മയോടുള്ള പോരാട്ടത്തിൽ മുന്നേറി വിജയം വരിക്കണം. രണ്ട്, വിശ്വാസം മുറുകെ പിടിക്കാനും ആരുടെ മുമ്പിലും അതിനു സാക്ഷ്യം നൽകാനും കഴിയണം. ഈ പോരാട്ടത്തിൽ ദൈവകൃപയും ശക്തിയും നമുക്ക് ലഭ്യമാണ്.



വി.ഗിവർഗ്ഗീസ് സഹദായുടെ പ്രാർത്ഥന നമുക്ക് കോട്ടയാകട്ടെ.

സ്നേഹപൂർവ്വം
ജിജോ പുതുപ്പള്ളി അച്ചൻ

## UMM AL QUWAIN SERVICE

**മെയ് മാസം 15-05-2024 ബുധനാഴ്ച 7.00 PM ന് UAQ Prayer Hall ൽ വെച്ച് സന്ധ്യാനമസ്കാരവും തുടർന്ന് വിശുദ്ധകുർബ്ബാനയും നടത്തപ്പെടുന്നതാണ്**

## സ്വർഗ്ഗാരോഹണ പെരുന്നാൾ

**മെയ് 8ന് ബുനാഴ്ച**
**വൈകിട്ട് 7.00 pm -9.30 pm നടത്തപ്പെടുന്നു.**

## പെന്തിക്കോസ്തി പെരുന്നാൾ

**മെയ് 19ന് ഞായറാഴ്ച**
**രാവിലെ 6.30 am -10.30 am നടത്തപ്പെടുന്നു.**

# AREA PRAYER MEETINGS

| AREA | Day of the Meeting | HOSTED BY |
|---|---|---|
| Umm Al Quwain | 01/05/2024 Wednesday 7.30 PM - 9.00 PM | Well Wishers |
| Abu Shagarah | 06/05/2024 Monday 8.00 PM - 9.00 PM | Mr. Jayan Mathew & Family ( J-228), Mr. Robin Varghese & Family ( R-386), Mr. Bibin Thomas & Family (B-383) |
| Sharq | 23/05/2024 Thursday 8.00 PM - 9.00 PM | Mr. Sabu K Oommen & Family (S-097) Mr. Limsen Baby & Family (L-045) Mr. Siby George & Family (S-260), Mr. Vijo T George & Family (V-197) |
| Rolla | 13/05/2024 Monday 8.00 PM - 9.00 PM | Mr. Saji.K.john & Family (S133) |
| Al Nadha, Al Wahada, Dubai | 11/05/2024 Saturday 8.00 PM - 9.00 PM | Mr. Joji T Mathew & Family (J-513), Mr. Manoj C George & Family (M-136) |
| Musalla & Al Yarmook | 11/05/2024 Saturday 8.30 PM - 9.30 PM | Mr. Kurian Jacob & Family ( K-061), Mr. Renjith Thomas & Family ( R-382) |
| Maisaloon | 20/05/2024 Monday 8.00 PM - 9.00 PM | Mr. Babu Varghese & Family (B-087), Mr. Reji Varghese & Family (R246) Mr. Cherian Jacob & Family (C-048) |
| Ajman Karama Ajman Sanaiya | 18/05/2024 Saturday 8.00 PM - 9.00 PM | Mr. Roy George & Family (R-070), Mr. Aby Samuel & Family (A-143), Mr. Johnson Cheriyan & Family (J 497), Mr. Vinod T Luckose & Family (V-070) |
| Al Khazamia, B.M.W Sharjah University | 22/05/2024 Wednesday 8.00 PM - 9.00 PM | Mr. Sam Zachariah & Family (S-071), Mr. K K Varghese & Family (V-048) Mr. Prince Pappachan & Family (P-092) |
| Old Airport | 25/05/2024 Saturday 8.00 PM - 9.00 PM | Mr. Bijo Samuel Thomas & Family (B-411) |

# കാത്തിരിപ്പ്..

കർത്താവിൽ പ്രീയരെ,

നാം മെയ് മാസത്തിലേക്ക് പ്രവേശിക്കുകയാണല്ലോ മെയ് പലപ്പോഴും ഒരുക്കത്തിന്റെയും കാതിരിപ്പിന്റെയും ഒക്കെ മാസമായി തോന്നാറുണ്ട്. പ്രകൃതി അതിന്റെ ഒരുക്കത്തിന്റെ കാലമായി ഇതിനെ വേർത്തിരിക്കുന്നോ എന്ന് പോലും പലപ്പോഴും തോന്നിയിട്ടുണ്ട്. കേരളത്തിലെ പ്രത്യേക കാലാവസ്ഥയിൽ മുൻ മാസങ്ങളിലെ അതികഠിനമായ ചൂടിൽ നിന്ന് മണ്ണിനെ നനയിക്കുന്ന, മനസ്സിന് കുളിർമ നൽകുന്ന മഴയിലേക്ക്, മഴക്കാലത്തിലേക്ക് ഉള്ള കാത്തിരിപ്പ് അത് പലപ്പോഴും ഒരു വലിയ പ്രതീക്ഷയാണ് നൽകുന്നത്. ഇല കൊഴിഞ്ഞും, വരണ്ടും, ഉണങ്ങിയും മരണത്തിലേക്ക് അടുക്കുന്ന പല സസ്യങ്ങൾക്കും മഴയിലൂടെ തന്റെമേൽ പതിക്കുന്ന ജീവജലത്തിലൂടെ വീണ്ടും പുതുനാമ്പ് മുളയ്ക്കും എന്നുള്ള പ്രതീക്ഷയും അതിനു വേണ്ടിയുള്ള കാത്തിരിപ്പും. അതിന് ഒരു പക്ഷേ വിരസതയോ കാത്തിരിപ്പിന്റെ വേദനയോ ഉണ്ടാകാൻ സാധ്യതയില്ല കാരണം ഉള്ളതെല്ലാം ഉപേക്ഷിച്ച് ഉരിഞ്ഞു കളഞ്ഞ അവസ്ഥയിൽ നിന്ന് നഗ്നതയെ മറയ്ക്കുന്ന ഒരു പച്ചപ്പിന്റെ അനുഭവത്തിലേക്കാണ് അത് നയിക്കുന്നത്. എന്നാൽ ഇവിടെ ഈ ദേശത്ത് തീർത്തും വ്യത്യസ്തമാണ്. ഇവിടെ കൊടും വേനലിലേക്ക് പ്രവേശിക്കുന്നതിനുള്ള ഒരുക്കമാണ്. നമ്മെ സംബന്ധിച്ച് വേനൽ അത്ര നല്ല സുഖമുള്ള അനുഭവമല്ല നൽകുന്നതെങ്കിലും ഇവിടുത്തെ സസ്യഫലാദികളുടെ കാര്യത്തിൽ ഫലങ്ങൾ വളരുവാനും കൃത്യമായി പാകപ്പെടുവാനും സഹായിക്കുന്നതാണ് വേനൽ. ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ ഇതിനെ ഒരു കാത്തിരിപ്പിന്റെ കാലമായി കണക്കാക്കാം. ആത്മീയ ജീവിതത്തിലും ഇത് കാണുന്നുണ്ട് ഉയിർപ്പ് പെരുന്നാളിന് ശേഷം പെന്തിക്കോസ്തിയുടെ അനുഭവത്തിലേക്ക് നാം അടുക്കുമ്പോൾ പരിശുദ്ധ റൂഹായെ പ്രാപിക്കുവാൻ വേണ്ടി ഈ ദിനങ്ങൾ നാം കാത്തിരിക്കുകയാണ്. കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷമുള്ള പത്തു ദിനങ്ങളെ കാത്തിരിപ്പിന്റെ ദിനങ്ങൾ എന്നുള്ള രീതിയിൽ പരിശുദ്ധ സഭ പ്രത്യേകമായി തരംതിരിച്ചിരിക്കുന്നു. ആശ്വാസദായകനായ പരിശുദ്ധ റൂഹാ നിങ്ങളോടൊപ്പം എന്നുമുണ്ടാകും എന്നുള്ള ഉറപ്പോടെ കൂടി കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ ആ ശക്തിയെ പ്രാപിക്കുവാൻ വേണ്ടിയുള്ള ഒരുക്കമാണ് ഈ കാത്തിരിപ്പ്.

ഈ ദിനങ്ങൾ അവന്റെ സ്വർഗ്ഗാരോഹണത്തിലേക്കും പെന്തിക്കോസ്തിയിലേക്കും നയിക്കുന്നതായ കാലം ആണ്. കർത്താവായ യേശുക്രിസ്തു തന്നെ ഈ ലോകത്തിലേക്കയച്ച തന്റെ പിതാവിന്റെ ഇഷ്ടം സമ്പൂർണമായി നിറവേറ്റി വീണ്ടും പിതാവിന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോകുന്ന അവിസ്മരണീയമായ സംഭവത്തെയാണ് സ്വർഗ്ഗാരോഹണ പെരുനാളായി നാം കൊണ്ടാടുന്നത്. ഒന്നാമതായി സ്വർഗ്ഗാരോഹണം ശിഷ്യന്മാർക്കു ഒരു തകർന്ന ഹൃദയം അല്ല സംഭാവന ചെയ്തത്. മറിച്ചു സ്വർഗ്ഗാരോഹണം ദർശിച്ച ശിഷ്യർക്ക് കർത്താവായ യേശുക്രിസ്തുവിന്റെ ദൈവത്തിന്റെ മഹാശക്തിയെ പൂർണമായി തിരിച്ചറിയുവാൻ സാധിച്ചു. ഈ സംഭവം അവരുടെ ജീവിതത്തിൽ വിശ്വാസത്തിന്റെ വലിയ ആഴവും പരപ്പും വർദ്ധിപ്പിക്കുകയും അവർ പ്രത്യാശയും സന്തോഷവും ഉള്ളവരായി തീരുകയും ചെയ്തു. ശിഷ്യന്മാർക്കു അനുഭവപെട്ടതായ ഈ ബോദ്ധ്യം നമ്മുടെ ക്രിസ്തീയ ജീവിതത്തിൽ നാമും സ്വന്തമാക്കേണ്ടതുണ്ട്. നമ്മുടെ ദൈവത്തിന്റെ മഹാശക്തിയെ അനുദിന ജീവിതത്തിൽ ഇന്നുവരെയും നമ്മൾക്ക് തിരിച്ചറിയാൻ സാധിച്ചിട്ടുണ്ടോ? പ. പൗലോസ്ശ്ലീഹാ പറഞ്ഞു, I know whom I have believed എന്ന് (2 തിമൊ. 1: 12) അത്കൊണ്ട് പൗലോസ്ശ്ലീഹാ തന്റെ വ്യക്തിപരമായ ക്രിസ്തീയ ജീവിതത്തിൽ താൻ എന്ത് പ്രവർത്തിച്ചുവോ, താൻ എന്ത് പറഞ്ഞുവോ, താൻ എന്തെല്ലാം അനുഭവങ്ങളിൽ കൂടി കടന്നുപോയോ അതെല്ലാം താൻ അനുഭവിച്ചറിഞ്ഞ ക്രിസ്തുവിലായിരുന്നു. ( Every action which he did, every words which he spoke every experience which he understood was in Christ) എല്ലാം ക്രിസ്തുവിൽ എന്നുള്ളതിന്റെ ശക്തമായ ദൈവശാസ്ത്ര ചിന്തയും ജീവിതവുമായിരുന്നു. ഈ ദിനങ്ങളിലൂടെ നാം കടന്നുപോകുമ്പോൾ ശിഷ്യന്മാരെ പോലെ കർത്താവിന്റെ ദൈവതത്വത്തിന്റെ മഹാശക്തിയെ നാമും തിരിച്ചറിയണം.



ഫാ. സുമോദ് ജോൺ

രണ്ടാമതായി കർത്താവായ യേശുക്രിസ്തു ഇഹത്തിലും പരത്തിലും നമ്മൾക്ക് വേണ്ടി ജീവിക്കുന്ന ദൈവമാണ് എന്ന ബോധ്യം. സ്വർഗാരോഹണം ശിഷ്യന്മാർക്ക് നൽകിയ രണ്ടാമത്തെ ആത്മീയബോധ്യം ഇപ്രകാരമായിരുന്നു. തങ്ങളുടെ നാഥനായ യേശുക്രിസ്തു ഇഹത്തിൽ മാത്രമല്ല പരത്തിലും തങ്ങളുടെ ദൈവവും കൂട്ടാളിയും രക്ഷകനും ആശ്വാസദായകനു മാണെന്നുള്ള ചിന്ത. വളരെ പ്രത്യാശ നിർഭരമായ, സന്തോഷകരമായ ചിന്ത തന്നെ. ഈ ബോധ്യം നമ്മൾ എല്ലാവരിലും സംജാതമാക്കണം. അപ്പോൾ നമ്മുടെ ജീവിതവും സന്തോഷ പ്രദമായിത്തീരും. അപ്പോൾ ഈ കാത്തിരിപ്പ് അർത്ഥപൂർണമായിത്തീരും, പ്രതീക്ഷയുടെതായി മാറും.

മൂന്നാമതായി യേശുക്രിസ്തു ഭൗമീകമായ സ്ഥലകാല അധികാരികളുടെ നിയന്ത്രണത്തിന് അതീതനാണെന്ന് സ്വർഗാരോഹണം ശിഷ്യന്മാരെ പഠിപ്പിച്ചു. കർത്താവിന്റെ മനുഷ്യാവതാരം മുതൽ തന്റെ പരസ്യ ശുശ്രൂഷ, കുരിശുമരണം, വരെയുള്ള സംഭവങ്ങളെ നാം വിലയിരുത്തുമ്പോൾ പ്രതിബന്ധങ്ങളുടെ, പ്രതിസന്ധികളുടെ ഒരു വലിയ ഘോഷയാത്ര തന്നെ നമ്മൾക്ക് ശ്രദ്ധിക്കാം. എങ്ങനെയും തന്നെ നശിപ്പിക്കുവാൻ തന്റെ ശത്രുക്കൾ എല്ലാ തന്ത്രങ്ങളും എല്ലാ അടവുകളും പ്രയോഗിച്ചു. എന്നാൽ അവരുടെ എല്ലാ വിജയാഹ്ലാദങ്ങളെയും തകിടം മറിച്ചു കൊണ്ട് എല്ലാ സ്ഥലകാല അധികാരത്തെയും നിഷ്പ്രഭമാക്കി കൊണ്ട് മൂന്നാം നാൾ താൻ ഉയർത്തെഴുന്നേൽക്കുകയും സ്വർഗ്ഗാരോഹണത്തിനു മുമ്പ് തന്റെ ദൈവതത്വേ ഒരു ഭൗമീക ശക്തിക്കും കീഴ്പ്പെടുത്തുവാൻ കഴിയുകയില്ലയെന്നു ഇതിനാൽ താൻ സ്പഷ്ടമാക്കി. ഈ ദൈവത്തെ അംഗീകരിക്കുന്നവരും സ്വീകരിക്കുന്നവരും ആണ് ജീവിതത്തിൽ യഥാർത്ഥ ഭാഗ്യവാന്മാർ. നാം വളരേണ്ടതും ആ ഒരു അവസ്ഥയിലേക്കാണ്. ഈ കാത്തിരിപ്പ് നമ്മെ അതിലേക്ക് നയിക്കുന്നതാകട്ടെ.

ദൈവം നമ്മെ വാഴ്ത്തി അനുഗ്രഹിക്കട്ടെ


## മെയ് മാസം ഒറ്റനോട്ടത്തിൽ

1. ഉപവാസ പ്രാർത്ഥന / പ്രാർത്ഥനാ യോഗം
3. വി.കുർബ്ബാന
4. വി.കുർബ്ബാന
5. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)
6. പ്രാർത്ഥനാ യോഗം
8. ഉപവാസ പ്രാർത്ഥന / വി.കുർബ്ബാന
10. വി.കുർബ്ബാന
11. വി.കുർബ്ബാന /പ്രാർത്ഥനാ യോഗം
12. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും) / ഗുഡ് സമരിട്ടൻ ഡേ)
13. പ്രാർത്ഥനാ യോഗം
15. ഉപവാസ പ്രാർത്ഥന
17. വി.കുർബ്ബാന
18. വി.കുർബ്ബാന / പ്രാർത്ഥനാ യോഗം
19. പെന്തിക്കോസ്തി ഞായർ വി.കുർബ്ബാന(രാവിലെയും, വൈകിട്ടും)
20. പ്രാർത്ഥനാ യോഗം
22. ഉപവാസപ്രാർത്ഥന /പ്രാർത്ഥനാ യോഗം
23. പ്രാർത്ഥനാ യോഗം
24. വി.കുർബ്ബാന
25. വി.കുർബ്ബാന /പ്രാർത്ഥനാ യോഗം
26. വി.കുർബ്ബാന (രാവിലെയും, വൈകിട്ടും)
29. ഉപവാസപ്രാർത്ഥന
31. വി.കുർബ്ബാന

# മെയ് മാസത്തിൽ ഓർമ്മ ആചരിക്കുന്ന പിതാക്കന്മാർ

ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ചോരാചാര്യന്മാർക്കേകുക
പുണ്യം നാഥാ സ്തോത്രം

**മെയ് 03**



പ. ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ **111-ാം ഓർമ്മ**

**മെയ് 08**



അഞ്ചാം മാർത്തോമ്മായുടെ **259-ാം ഓർമ്മ**

**മെയ് 16**



യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ **34-ാം ഓർമ്മ**

**മെയ് 19**



പുന്നത്ര മാർ ദീവന്നാസ്യോസ് III മെത്രാപ്പോലീത്തായുടെ **199-ാം ഓർമ്മ**


**മെയ് 26**



പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ **10-ാം ഓർമ്മ**

## വി. വേദവായന കുറിപ്പ്

മെയ് 5 : പുതുഞായറാഴ്ചക്ക് ശേഷമുള്ള നാലാം ഞായറാഴ്ച. **(വി.ലൂക്കോസ് 9 : 51-62)**
മെയ് 9 : കർത്താവിന്റെ സ്വർഗ്ഗാരോഹണം **(വി.ലൂക്കോസ് 24: 36-53)**
മെയ് 12 : പുതുഞായറാഴ്ചക്ക് ശേഷമുള്ള അഞ്ചാം ഞായറാഴ്ച **(വി. യോഹന്നാൻ 17 : 13-26)**
മെയ് 19 : പെന്തികോസ്തി ഞായറാഴ്ച വി. കുർബാന: **(വി.യോഹന്നാൻ 15 : 1-14)**
മെയ് 26 : പെന്തിക്കോസ്തിക്ക് ശേഷം ഒന്നാം ഞായറാഴ്ച **(വി.യോഹന്നാൻ 6 : 26-35)**



**ഗീ വർഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാൾ മെയ് 4, 5 തീയതികളിൽ നടത്തപ്പെടുന്നു.**

## ഈയോർ – മേയ്

1. സെബദി പുത്രനായ മാർ യാക്കോബ് ശ്ലീഹായുടെ ഓർമ്മ.
3. പ. ബസ്സേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 111-ാം ഓർമ്മ. (പാമ്പാക്കുട ചെറിയ പള്ളി).
5. **പുതുഞായറാഴ്ചക്കുശേഷം നാലാം ഞായറാഴ്ച. (കൃംതാ പെരുന്നാളിനുശേഷം അഞ്ചാം ഞായറാഴ്ച).**
8. ഏവൻഗേലിസ്ഥനായ മാർ യോഹന്നാൻ ശ്ലീഹായുടെ ഓർമ്മ.
   അഞ്ചാം മാർത്തോമ്മായുടെ 259-ാം ഓർമ്മ (നിരണം വലിയ പള്ളി).
9. കർത്താവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ. (സൂലോക്കോ).
10. തീക്ഷ്ണവാനായ മാർ ശെമവൂൻ ശ്ലീഹായുടെ ഓർമ്മ.

10–18. കാത്തിരിപ്പ് ദിനങ്ങൾ.

11. കാത്തിരിപ്പ് ദിനം.
12. കാത്തിരിപ്പ് ദിനം.
    **പുതുഞായറാഴ്ചക്കുശേഷം അഞ്ചാം ഞായറാഴ്ച. (കൃംതാ പെരുന്നാളിനുശേഷം ആറാം ഞായറാഴ്ച – പെന്തിക്കോസ്തിക്കുമുമ്പുള്ള ഞായറാഴ്ച).**
    സൺഡേസ്കൂൾ ദിനം.
13. കാത്തിരിപ്പ് ദിനം.
14. കാത്തിരിപ്പ് ദിനം.
15. കാത്തിരിപ്പ് ദിനം.
    X കതിരുകൾക്കുവേണ്ടി വി. ദൈവമാതാവിന്റെ പെരുന്നാൾ.
    മാർ ഇസ്ഹാക്കിന്റെ ഓർമ്മ.
16. കാത്തിരിപ്പ് ദിനം.
    യൂഹാനോൻ മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ 34-ാം ഓർമ്മ. (കൊരട്ടി സീയോൻ സെമിനാരി).
17. കാത്തിരിപ്പ് ദിനം.
18. കാത്തിരിപ്പ് ദിനം.
19. **പെന്തിക്കോസ്തി ഞായറാഴ്ച.**
    പുന്നത്ര മാർ ദീവന്നാസ്യോസ് III മെത്രാപ്പോലീത്തായുടെ 199-ാം ഓർമ്മ. (കോട്ടയം ചെറിയപള്ളി).
20. കുസ്തന്തീനോസ് ചക്രവർത്തിയുടെയും, മാതാവ് ഹെലനിയുടെയും ഓർമ്മ.
    നാല് ഏവൻഗേലിസ്ഥന്മാരുടെയും, മൂന്ന് പൊതുസുന്നഹദോസുകളിലെ പിതാക്കന്മാരുടെയും ഓർമ്മ.
24. സ്വർണ്ണ വെള്ളിയാഴ്ച.
26. **പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ച.**
    പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 10-ാം ഓർമ്മ. (പത്തനാപുരം മൗണ്ട് താബോർ ദയറാ).
29. താപസന്മാരിൽ പ്രധാനിയായ മാർ അഹറോന്റെ ഓർമ്മ.

## WORSHIP TIMING

| | | |
|---|---|---|
| Sunday | 6:30 am | Night Prayer , 7.00 am - Morning Prayer |
| | 8:00 am | Holy Qurbana |
| Sunday Evening | 6:15 pm | Evening Prayer |
| | 7:00 pm | Holy Qurbana |
| Tuesday | 7:30 pm | Evening Prayer & Madhyastha Prarthana (St. Mary) |
| Thursday | 7:30 pm | Evening Prayer & Madhyastha Prarthana (St. Gregorios) |
| Friday | 6:45 pm | Evening Prayer |
| | 7:30 pm | Holy Qurbana |
| Saturday | 4:45 am | Night Prayer, 5.15 am - Morning Prayer |
| | 5:45 am | Holy Qurbana |

| | | |
|---|---|---|
| Other Days | 6.00 am | Night Prayer, Morning Prayer |
| | 7.00 pm | Evening Prayer |

## യാത്രയയപ്പ്



**ALEXANDER K**
1999 മുതൽ
ഇടവകാംഗം
A-053



**BINUJI THOMAS**
2002 മുതൽ
ഇടവകാംഗം
B-089



**ROSHAN K ROY**
2023 മുതൽ
ഇടവകാംഗം
R-393



**VARGHESE PHILIPOSE**
2007 മുതൽ
ഇടവകാംഗം
V-115

ഇവർ ഇടവകയ്ക്ക് ചെയ്തു തന്ന എല്ലാ സേവനങ്ങൾക്കും നന്ദി അറിയിക്കുന്നതോടൊപ്പം ഇടവകയുടെ എല്ലാ ആശംസകളും പ്രാർത്ഥനകളും നേരുന്നു.

## ഇടവകയിലെ പുതിയ അംഗങ്ങൾ

| REG NO | NAME | AREA | MOB |
|---|---|---|---|
| A-433 | ANISH T VARGHESE | RLA | 052-5785994 |
| J-800 | JOBIN JOY | SJU | 050-5504700 |
| J-801 | JOJO JOHNSON | SJU | 054-3763909 |
| M-354 | MATHEW V SCARIAH | SRQ | 056-1698243 |

# MARTH MARIYAM VANITHASAMAJAM

റെഗുലർ മീറ്റിംഗ് 26 ന് വി.കുർബാനയ്ക്കു ശേഷം നടത്തപ്പെടുന്നതാണ്. **Medical cell** 5, 19 തീയതികളിൽ വി. കുർബാനയ്ക്കു ശേഷം പ്രവർത്തിക്കുന്നതാണ്.







മർത്ത്മറിയം വനിതാ സമാജത്തിന്റെയും **OMF** ന്റെയും സംയുക്താഭിമുഖ്യത്തിൽ **14-04-2024** ന് **Aster Hospital**, **Sharjah** യുമായി സഹകരിച്ചു കൊണ്ട് സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

# SUNDAY SCHOOL ANNOUNCEMENTS

| | | |
|---|---|---|
| 5th May | : | Sports Day - 2024 at 2.30pm @ENS School. |
| 12th May | : | Half-Yearly Exam for Grade-2(Oral) & Grade-3. |
| 19th May | : | In-House Competitions ( in the afternoon) |
| | : | Drawing & Coloring, Memory Verses writing. |
| 26th May | : | Competitions ( In the afternoon) |
| | : | Action Song, Story Telling, Bible Reading. |
| 2nd June | : | Half-Yearly Exam for all classes from Grade-4 to Grade-12 ( UAE Level) |



Sunday School Teachers' UAE Annual Conference at Fujairah Convention Centre.



Sunday School UAE Sub-Region Teenager's Camp CrossRoads held at Dubai Cathedral.





OVBS -2024 Classes successfully conducted between 31st March till 6th April

# OCYM

യുവജന പ്രസ്ഥാനം റെഗുലർ മീറ്റിംഗ് ഒന്നാമത്തേതും മൂന്നാമത്തേതും ഞായറാഴ്ച്ചകളിൽ വിശുദ്ധ കുർബാനയ്ക് ശേഷം ഉണ്ടായിരിക്കുന്നതാണ്



ഷാർജ സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ഇടവകയിലെ യുവജനപ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ സജ്ജാലേബർ ക്യാമ്പിൽ വച്ച് ഇഫ്താർ സംഗമവും ഭക്ഷണ കിറ്റ് വിതരണവും നടത്തപെട്ടു.







ഓർത്തഡോക്സ് ക്രൈസ്തവ യുവജനപ്രസ്ഥാനം ഷാർജ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ സിൽവർ ജൂബിലി എവറോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള യുഎഇ സോണൽ തല ക്വിസ്മത്സരം നടത്തപ്പെട്ടു. സെൻറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം ജെബൽആലി യൂണിറ്റ് ഒന്നാം സ്ഥാനവും സെൻറ്ജോർജ് ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം അബുദാബി രണ്ടാം സ്ഥാനവും സെൻറ് ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവയുവജന പ്രസ്ഥാനം ഫുജൈറ യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.





പ്രളയക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്ക് ഷാർജ യുവജന പ്രസ്ഥാനത്തിന്റെ അംഗങ്ങൾ ഭക്ഷണ സാധനങ്ങൾ എത്തിച്ചു നൽകി.

മലയാളം മിഷൻ

**മലയാളം ഭാഷാപഠനം**

എല്ലാ ശനിയാഴ്ചയും വൈകിട്ട് 4.00 മുതൽ

# MGOCSM



A successful farewell meeting was conducted on the 13th of April, based on the theme - "Walk with Christ" led by our MGOCSM President, His Grace Dr Abraham Mar Seraphim, Metropolitan - Thumpamon Diocese.

'കുട്ടികൾക്കായി വായനയിടം'

# ട്രോജൻ കുതിര

മീവിൽ

വിഖ്യാത ഗ്രീക്ക് കവി ഹോമറിന്റെ ഏറ്റവും പ്രസിദ്ധമായ കാവ്യങ്ങളിൽ ഒന്നാണ് ഒഡിസ്സി. അതിൽ വിവരിച്ചിട്ടുള്ളതാണ് ട്രോജൻ കുതിരയുടെ കഥ.

ഗ്രീക്കുകാരുടെ പോരാട്ടത്തിന്റെയും, ബുദ്ധിശക്തിയുടെയും പ്രതീകമായി കരുതപ്പെടുന്ന ട്രോജൻയുദ്ധത്തിന്റെ കഥയിലാണ് ട്രോജൻ കുതിരയെപ്പറ്റി പറയുന്നത്. നൂറുകണക്കിന് വർഷങ്ങൾക്ക് മുൻപ്, (ബി.സി 1300) ഗ്രീസും അയൽ രാജ്യമായ ട്രോയും തമ്മിൽ യുദ്ധം നടന്നു. ഗ്രീസിലെ രാജകുമാരിയായ ഹെലൻ, ട്രോയ് രാജാവിന്റെ മകനായ പാരിസുമായി ഇഷ്ടത്തിലായി ട്രോയിലേയ്ക്ക് കടന്നത്രേ. ഹെലനെ തിരികെ പിടിച്ചുകൊണ്ടുവരാൻ ഗ്രീസുകാർ നടത്തിയ യുദ്ധമാണ് ട്രോജൻയുദ്ധം. ട്രോയ്നഗരം പിടിച്ചെടുക്കാനുള്ള പത്തു വർഷത്തിലേറെ നീണ്ട പരിശ്രമത്തിൽ ഒരുപാട് തിരിച്ചടികൾ നേരിട്ട ഗ്രീക്ക് സൈന്യം യുദ്ധം ജയിക്കാൻ പലവഴികളും ആലോചിച്ചു. ശക്തമായ സുരക്ഷാവലയങ്ങളുള്ള നാടാണ് ട്രോയ്. ശക്തമായ കോട്ടവാതിൽ കടന്ന് ആർക്കും ഉള്ളിൽ കടക്കാനാവില്ല. അകത്തു കടന്നാലല്ലേ കീഴടക്കാൻ പറ്റൂ. ഒടുവിൽ അവർ ഒരു വഴി കണ്ടുപിടിച്ചു. തടിയിൽ ഒരു വലിയ കുതിരയുണ്ടാക്കി, നാലു കാലുകൾക്കുകീഴിൽ തടിചക്രങ്ങളും പിടിപ്പിച്ച്, അതിനുള്ളിൽ ഒഡീസിയസിന്റെ നേതൃത്വത്തിൽ, തിരഞ്ഞെടുക്കപ്പെട്ട യോദ്ധാക്കളെ ഒളിപ്പിച്ച് ട്രോയ് നഗരകവാടത്തിലെത്തിച്ചു. പിന്നെ, ഈ കുതിരയവിടെ ഉപേക്ഷിച്ച്, തോറ്റ് പിൻവാങ്ങിയെന്ന ഭാവേന വള്ളങ്ങളിൽ തുഴഞ്ഞകന്നു. ഏതോ ഗ്രീക്ക് ദേവതയുടെ രൂപമാണിതെന്ന് ട്രോയ് സൈന്യം കരുതി. തങ്ങളുടെ “വിജയ”ത്തിന്റെ പ്രതീകമായി ട്രോയ് സൈന്യം ഈ കുതിരയെ തള്ളിയുരുട്ടി നഗരമദ്ധ്യത്തിലെത്തിച്ചു. യുദ്ധം' ജയിച്ചതിന്റെ ഭാഗമായി എങ്ങും ആഘോഷങ്ങൾ നടന്നു. ആഘോഷങ്ങൾക്കൊടുവിൽ തളർന്ന് മയങ്ങിയ ട്രോയ്നാട്ടുകാർ എല്ലാവരും നല്ല ഉറക്കത്തിലാണെന്ന് ഉറപ്പായപ്പോൾ മരക്കുതിരയ്ക്കുള്ളിൽ ഒളിച്ചിരുന്ന ഗ്രീക്ക് സൈനികർ പുറത്തേയ്ക്കു വന്നു. ' തിരികെയെത്തി കോട്ടക്കുപുറത്ത് കാത്തുനിന്ന യോദ്ധാക്കൾക്ക് അവർ കോട്ടവാതിലുകൾ തുറന്നുകൊടുക്കുകയും ചെയ്തു. അങ്ങനെ, ഗ്രീക്ക് സൈന്യം ട്രോയ്നഗരം പിടിച്ചെടുത്തു.

**വർത്തമാനകാലം** : കംപ്യൂട്ടറുകളിൽ കണ്ടുവരുന്ന ചില വൈറസ്സുകളുടെ സാമാന്യ നാമമാണ് ട്രോജൻ. അതായത്, മറ്റുചില പ്രോഗ്രാമുകളിലോ ഫയലുകളിലോ ഒളിഞ്ഞിരുന്ന് നമ്മുടെ കമ്പ്യൂട്ടറിൽ കടന്നതിനു ശേഷം പ്രവർത്തനക്ഷമമായി ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്ന വൈറസ്സുകളെ ട്രോജൻ വൈറസ്സുകൾ എന്ന് പറയുന്നു.

## നവാഭിഷിക്തനായ മലങ്കര മൽപ്പാന് മരുഭൂമിയിലെ പരുമല ഷാർജ സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയുടെ പ്രാർത്ഥനാശംസകൾ.



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മുൻ വൈദിക ട്രസ്റ്റിയും, മുൻ വൈദീക സെമിനാരി പ്രിൻസിപ്പലും, നിലവിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രിൻസിപ്പൽ സെക്രട്ടറിയും സഭാ വക്താവുമായ ഫാ.ഡോ. ജോൺസ് ഏബ്രഹാം കോനാട്ടിന് പാമ്പാക്കുട സെന്റ് ജോൺസ് എഫേസോസ് ഓർത്തഡോക്സ് വലിയപള്ളിയിൽ വി. കുർബ്ബാന മദ്ധ്യേ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ 'മലങ്കര മൽപ്പാൻ' സ്ഥാനം നൽകി. മലങ്കര സഭയുടെ ചരിത്രത്തിൽത്തന്നെ ആദ്യമായി 'റീശ് കോർഎപ്പിസ്കോപ്പാ' എന്ന സ്ഥാനം നൽകി വാഴിച്ചതിനോടനുബന്ധിച്ചാണ് മലങ്കര മൽപ്പാൻ സ്ഥാനവും നൽകിയത്.

GROUP + 2024 - 2025

LIFE INSURANCE

*NB: Head of the Family will be Insured Free & Dependendents have to pay the premium of AED 30*
*Previous Years Insurance Premium Should be Cleared for Elgibility.*

REGISTRATION COUNTERS ARE OPEN




Private Circulation Only